കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 24 | മാർച്ച് 31 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ

2 ബജറ്റ് കാർഷികമേഖലയ്ക്ക് പുത്തനുണർവ് നൽകും : കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

5 ഞങ്ങളും കൃഷിയിലേക്ക് 'ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കാൻ ലക്ഷ്യമിടുന്ന പദ്ധതി' – കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

6 കിസാൻ റെയിൽ കേരളത്തിൽ യാഥാർഥ്യമാക്കും മന്ത്രി ജെ. ചിഞ്ചു റാണി

# ഞങ്ങളും കൃഷിയിലേക്ക് – മാതൃകാകൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു



കൃഷി വകുപ്പ് മന്ത്രിയും, ചേർത്തല തെക്ക് കൃഷിഭവൻ ജീവനക്കാരും സംയുക്തമായി നടത്തിയ മാതൃകാ പച്ചക്കറി കൃഷി വിളവെടുപ്പ് നിയമസഭാ സ്പീക്കർ ശ്രീ എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്തു.

കേരളത്തിൽ ധാരാളം പൊതു സ്ഥലങ്ങൾ തരിശായി കിടക്കുന്നുണ്ട്. അവിടെയെല്ലാം കൃഷിയിറക്കുന്നതിന് പ്രചോദനമേകുന്ന ഒരു മാതൃകാ പദ്ധതിയാണ് ഇവിടെ കാണാൻ സാധിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു. ഇത് മാറിയ ഒരു പ്രതീകത്തെയാണ് കാണിക്കുന്നത്. ഇതുപോലുള്ള മാതൃകകൾ കേരളത്തിലുടനീളം സൃഷ്ടിക്കാൻ കഴിയണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബാൽ ഗാർഡൻസിലെ ശ്രീമതി ലേഖ കെ നായരുടെ 50 സെന്റ് തരിശു സ്ഥലത്താണ് വിവിധയിനം പച്ചക്കറികളായ ചെങ്കൽ ചീര, Co1, തൈക്കൽ പട്ടുചീര എന്നീ ചീര ഇനങ്ങളും പീച്ചിൽ, പാവൽ, പടവലം, പയർ, തക്കാളി, വെണ്ട, വഴുതന ,മുളക്, വെള്ളരി വർഗ്ഗവിളകളായ തണ്ണിമത്തൻ, മത്തൻ, വെള്ളരി, പൊട്ടുവെള്ളരി , മില്ലറ്റ് വർഗ്ഗങ്ങൾ, വിവിധ തരം മധുരകിഴങ്ങുകൾ, സൂര്യകാന്തി എന്നിവ കൃഷിയിറക്കിയിരിക്കുന്നത്.

കൃഷി ഉദ്യോഗസ്ഥർ ഓഫീസ് സമയത്തിനു ശേഷവും, അവധി ദിവസങ്ങളിലുമാണ് കൃഷി പണികളും പരിപാലനവും ചെയ്തത്. മാത്രമല്ല സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്താതെയും യാതൊരു ധനസഹായവും വാങ്ങാതെയുമാണ് കൃഷി ഉദ്യോഗസ്ഥർ ഈ പദ്ധതി ഏറ്റെടുത്തതെന്ന് കൃഷിമന്ത്രി ശ്രീ പി.പ്രസാദ് പറഞ്ഞു.

ഞങ്ങളും കൃഷിയിലേക്ക് എന്ന കാർഷിക കാമ്പയിന്റെ ഭാഗമായിട്ടാണ് ഈ മാതൃക തോട്ടം തയ്യാറാക്കിയത്. മിക്ക ദിവസങ്ങളിലും അതിരാവിലെ 6 മണിക്ക് തന്നെ കൃഷിമന്ത്രി തോട്ടത്തിലെത്തി കൃഷി ഉദ്യോഗസ്ഥരോടൊപ്പം നിലമൊരുക്കുന്നതു മുതൽ വിളവെടുപ്പു വരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും പങ്കാളിയായി മാതൃക തീർത്തു.

കൃഷി ഓഫീസർ ശ്രീമതി റോസ്മി ജോർജ്ജ്, കൃഷി അസിസ്റ്റന്റുമാരായ ശ്രീ രാജീവ്.R.S, ശ്രീ സുനിൽകുമാർ കെ. എം, ശ്രീമതി ശാന്തകുമാരി B.A, ശ്രീമതി രജിത.എസ്. ശ്രീമതി രജനി സജിമോൻ , ശ്രീമതി ലിൻഡ സ്റ്റീഫൻ, ശ്രീമതി സൂന പ്രദീപ് എന്നിവരാണ് ഈമാതൃകാതോട്ടത്തിന്റെ പിന്നണി പ്രർത്തകർ.

മുഖ്യാതിഥിയായി ആലപ്പുഴ എം.പി ശ്രീ എ.എം ആരിഫ് പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി സിനിമോൾ സാംസൺ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി ആർ. ശ്രീരേഖ, കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരായ ശ്രീമതി രമാദേവി, ശ്രീമതി മേഴ്സി കെ.ജെ, ശ്രീമതി ബിജി ജോയി, ശ്രീമതി ബീന എസ്, കൃഷി അസി. ഡയറക്ടർ ശ്രീ റെജി ജി. വി എന്നിവർ പങ്കെടുത്തു.

ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എസ്. ശരത്ചന്ദ്രകുമാർ
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

# ബജറ്റ് കാർഷികമേഖലയ്ക്ക് പുത്തനുണർവ് നൽകും : കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്



കാർഷികമേഖലയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതും സുസ്ഥിര വളർച്ച ലക്ഷ്യമിടുന്നതുമായ ബജറ്റാണ് ധനമന്ത്രി കേരള നിയമസഭയിൽ അവതരിപ്പിച്ചതെന്ന് കൃഷിമന്ത്രി ശ്രീ പി.പ്രസാദ് പറഞ്ഞു. 881.96 കോടി രൂപയാണ് കാർഷിക മേഖലയ്ക്കായി വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞവർഷത്തെക്കാൾ 48 കോടി രൂപയാണ് അധികമായി അനുവദിച്ചിട്ടുള്ളത്. കാർഷിക മേഖലയുടെ സമഗ്ര വികസനം മുന്നിൽകണ്ടുകൊണ്ടും ഭക്ഷ്യ സ്വയം പര്യാപ്തത ലക്ഷ്യമിട്ടുകൊണ്ടുമുള്ള പ്രവർത്തനങ്ങൾക്ക ഊർജ്ജം പകരുന്നതാണ് 2022 ലെ ബജറ്റ്.

ബജറ്റിൽ നല്ലൊരു വിഹിതം കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. ഇതിന് പ്രത്യേകമായി ഒരു "മൂല്യവർദ്ധിത കാർഷിക മിഷൻ" രൂപീകരിക്കും. ഇതിനായി 7 ജില്ലകളിൽ അഗ്രിടെക് ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്നും കർഷകർക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണ്. ധാരാളം തൊഴിലവസരങ്ങളും ഇതിലൂടെ സൃഷ്ടിക്കാനാകും. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി 100 കോടി രൂപ മുതൽ മുടക്കിൽ സിയാൽ മോഡൽ കമ്പനി രൂപീകരിക്കുന്നത് കാർഷിക മേഖലയിലേക്കുള്ള സംരംഭകരെ ആകർഷിക്കുമെന്നത് ഏറെ പ്രതീക്ഷ നൽകുന്ന ഒന്നാണ്. യുവാക്കൾക്ക് കാർഷിക സംരംഭങ്ങളിലേക്ക് തിരിയുന്നതിനും ഇതൊരു അവസരമായിരിക്കും.

തോട്ടവിളകളുടെ ഗണത്തിൽ പുതിയ വിളകളെ കൂടി ഉൾപ്പെടുത്തുന്നത് പഴവർഗ്ഗ വിളകളുടെ വികസനത്തിന് കൂടുതൽ സഹായകമാകും. ഭൂമിശാസ്ത്രപരമായ ഘടനയ്ക്ക് അനുയോജ്യമായ യന്ത്രവൽക്കരണം അനിവാര്യമാണ് . ഇതിനായി ബജറ്റിൽ പ്രത്യേക ധനസഹായം വകയിരുത്തിയിട്ടുണ്ട്.

ആഗോള താപനവും പരിസ്ഥിതി മലിനീകരണവും വർദ്ധിച്ചു വരുന്ന ഈ സമയത്ത് ഒരു പരിസ്ഥിതിസൗഹൃദ ബജറ്റ് കൂടിയായി 2022 ബജറ്റിനെ കാണാം. 2050 ഓടെ കാർബൺ നെറ്റ് സീറോ എന്ന ലക്ഷ്യത്തിലേക്കാണ് സംസ്ഥാനം നീങ്ങുന്നത്. കാർഷികമേഖലയിൽ ഈ വർഷം തന്നെ കാർബൺ തുലിതാ കൃഷിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 6 കോടി രൂപ ഇതിനായി ആദ്യവർഷം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

നിലവിലെ പദ്ധതികൾക്ക് പുറമേ വിഭാവനം ചെയ്തിട്ടുള്ള ചില പുതിയ പദ്ധതികൾ കൂടി കാർഷികമേഖലയ്ക്ക് അനുവദിച്ചിട്ടുള്ളതായും കൃഷി മന്ത്രി അറിയിച്ചു. കൃഷിയിടത്തെ സൂക്ഷ്മമായി പരിശോധിച്ച് വ്യക്തമായ ഫാം പ്ലാൻ തയ്യാറാക്കിയുള്ള കൃഷിക്കായി 29 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്റ്റാർട്ടപ്പുകളുടെ സഹായത്തോടെ കൃത്യതാ കൃഷിക്കായി ഡ്രോണുകൾ ഉപയോഗപ്പെടുത്തുന്നത് നെൽ കർഷകരെ സംബന്ധിച്ചിടത്തോളം ഒരു പരിധി വരെ തൊഴിലാളി ക്ഷാമത്തിനുള്ള ഒരു പരിഹാരമാവും. നെൽവയൽ റോയൽറ്റി 2000 രൂപയിൽ നിന്നും 3000 രൂപയായി വർധിപ്പിച്ചതും നെല്ല് സംഭരണതുക 28 രൂപ 20 പൈസയായി വർദ്ധിപ്പിച്ചതും കോൾനിലങ്ങളുടെ വികസനത്തിനായി 10 കോടി രൂപ അനുവദിച്ചിട്ടുള്ളതും നെൽ കർഷകർക്ക് ഏറെ ആശ്വാസകരമാവും.

വിഷരഹിത ഭക്ഷണം ശീലമാക്കുക, പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നിവ സർക്കാരിന്റെ പ്രധാനപ്പെട്ട രണ്ട് ലക്ഷ്യങ്ങളാണ്. ഇതിനായി ഞങ്ങളും കൃഷിയിലേക്ക് എന്ന ഒരു ജനകീയ കാമ്പയിൻ ഈവർഷം തുടങ്ങുകയാണ്. പച്ചക്കറി കൃഷിക്കായി മിഷൻ അടിസ്ഥാനത്തിലുള്ള പദ്ധതികളും ഈ വർഷം തുടങ്ങും. കൂടാതെ ശീതീകരണ ശൃംഖലകളും ഇക്കോ ഷോപ്പുകളുടെ ശൃംഖലയും ശക്തമാക്കി വിപണി ഇടപെടലുകൾ ശക്തമാക്കുന്നതിനും ബജറ്റിൽ പ്രത്യേകമായ പരിഗണന നൽകിയിട്ടുണ്ട്. കാർഷിക വിള ഇൻഷുറൻസ് പരിരക്ഷക്കായുള്ള വിഹിതം 30 കോടിയായി വർധിപ്പിച്ചത് എല്ലാ കർഷകരുടേയും കാർഷിക വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ എന്ന ഉദ്യമത്തിന് കൂടുതൽ ആക്കം കൂട്ടുമെന്നും മന്ത്രി പറഞ്ഞു. കൃഷി ഒരു സംരംഭകത്വം ആയി ഏറ്റെടുക്കുന്നതിനും ആകർഷകമായ ഒരു വരുമാനദായക മേഖലയായി യുവജനങ്ങൾക്ക് കാണാനുതകുന്നതുമാണ് ഈ ബജറ്റെന്ന് കൃഷിമന്ത്രി അഭിപ്രായപ്പെട്ടു.



മണ്ണ് സംരക്ഷണ - പര്യവേക്ഷണ വകുപ്പ് ചേർത്തലയിൽ സംഘടിപ്പിച്ച ശില്ല ശാലയിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ യുടെ എക്സിബിഷൻ സ്റ്റാൾ



വയനാട് ജില്ലാക്ഷീര സംഗമം ഉദ്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ ചിഞ്ചുറാണി നിർവ്വഹിക്കുന്നു.

# നാളികേര വികസന പദ്ധതി 2021–22 ബോധവൽക്കരണ കാമ്പയിൻ സംഘടിപ്പിച്ചു



കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നാളികേര വികസന പദ്ധതി 2021 -22 പ്രകാരം എടച്ചേരി ഗ്രാമപഞ്ചായത്തിൽ അനുവദിച്ച തെങ്ങിന്റെ രോഗ കീട നിയന്ത്രണ കാമ്പയിനിന്റെ ഭാഗമായി 2022 മാർച്ച് 14ന് തിങ്കളാഴ്ച 4 മണിക്ക് എടച്ചേരി ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡ് ഇരുത്തിയിൽ വച്ച് തെങ്ങിന്റെ കുമ്പുചീയൽ , ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി എന്നീ രോഗ കീട ബാധയുടെ നിയന്ത്രണത്തിനായി കാമ്പയിൻ രീതിയിൽ കാർഷിക കർമ്മസേന മുഖേന സസ്യസംരക്ഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്ന പദ്ധതി ആരംഭിച്ചു. പ്രസ്തുത പരിപാടിയുടെ ഭാഗമായി 2022 ജനുവരി 27 ന് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് കർഷകർക്കും കർമ്മസേന അംഗങ്ങൾക്കും ഒരു ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചിരുന്നു. വാർഡ് മെമ്പർ ശ്രീ രാജൻ കൊയിലോത്തിന്റെ അധ്യക്ഷതയിൽ ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. എൻ. പത്മിനി ടീച്ചർ സസ്യസംരക്ഷണ പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിച്ചു. പരിപാടിയിൽ ഗ്രാമ പഞ്ചായത്ത് മെമ്പർ മാരായ ശ്രീമതി ഷീമ വള്ളിൽ, ശ്രീമതി സതി മാരാം വീട്ടിൽ, ശ്രീ ശ്രീജിത്ത് എന്നിവരും വാർഡിലെ പ്രമുഖ കർഷകരായ ശ്രീ ചാത്തു കെ.വി, ശ്രീ. ഇ.ടി. രാജൻ എന്നിവരും ആശംസയർപ്പിച്ചു. തൂണേരി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. സുമാറാണി പദ്ധതി വിശദീകരണം നടത്തി. കൃഷി ഓഫീസർ ശ്രീമതി ശ്രീജ സ്വാഗതവും കേരസമിതി സെകട്ടറി ശ്രീ സുധാകരൻ പൊന്നാറത്ത് നന്ദിയും അറിയിച്ചു. കാർഷിക വികസന സമിതി അംഗങ്ങൾ, കേരസമിതി അംഗങ്ങൾ, കാർഷിക കർമ്മസേന അംഗങ്ങൾ, പച്ചക്കറി ക്ലസ്റ്റർ അംഗങ്ങൾ, പാടശേഖര സമിതി അംഗങ്ങൾ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

പത്തനംതിട്ട ജില്ലാ ക്ഷീരസംഗമം അടൂരിൽ ഉദ്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ ചിഞ്ചുറാണി നിർവ്വഹിക്കുന്നു



# ജലാശയങ്ങൾ മാലിന്യനിക്ഷേപ കേന്ദ്രങ്ങളാക്കരുത്- കൃഷിമന്ത്രി ശ്രീ പി പ്രസാദ്

കൃ ജീവന്റെ നിലനിൽപ്പിന് ആധാരമായ പുഴകളും തോടുകളും കുളങ്ങളും ഇന്ന് മാലിന്യനിക്ഷേപ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. ഇത് അങ്ങേയറ്റം ഖേദകരമാണെന്ന് മന്ത്രി ശ്രീ പി പ്രസാദ്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷന്റെയും സഹായത്തോടുകൂടി പാലക്കാട് ജില്ലയിലെ പട്ടാമ്പി നഗരസഭ നവീകരണം പൂർത്തീകരിച്ച പെരിക്കാട്ടുകുളം ജലാശയം ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.



നമ്മുടെ ജീവന്റെ നിലനിൽപ്പിന് ജലാശയങ്ങൾ വഹിക്കുന്ന പങ്ക് വലുതാണ്. ഓരോ ജലാശയത്തിനും സവിശേഷമായ സ്ഥാനമാണ് നാം കൊടുക്കേണ്ടത്. പ്രബുദ്ധരെന്ന് സ്വയം അവകാശപ്പെടുന്ന നാം പുഴകളും തോടുകളും കുളങ്ങളും അരുവികളും ഇല്ലാതാക്കി കൊണ്ടിരിക്കുകയാണ്. ഇത് നമ്മെ പ്രകൃതിദുരന്തങ്ങളിൽ കൂടെയുള്ള സർവ്വനാശത്തിലേക്ക് നയിക്കുമെന്നത് എന്ന് നാം പലപ്പോഴും മറന്നു പോകുന്നു. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി വിഭാവനം ചെയ്യുന്നത് ഇതുതന്നെയാണ്. നമുക്ക് ആവശ്യമായ പച്ചക്കറികൾ വിഷരഹിതമായി നാം തന്നെ ഉൽപാദിപ്പിക്കുകയും പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത യിലേക്ക് നീങ്ങുകയും വേണം. രോഗാതുരമല്ലാത്ത ഒരു സമൂഹത്തെ സൃഷ്ടിച്ചെടുക്കാൻ നമുക്ക് ഇതുവഴി സാധിക്കും. കൃഷി മന്ത്രി അഭിപ്രായപെട്ടു.

ചടങ്ങിൽ പട്ടാമ്പി എം എൽ എ ശ്രീ മുഹമ്മദ് മുഹ്സിൻ അധ്യക്ഷത വഹിച്ചു. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ചീഫ് എൻജിനീയർ ശ്രീ എ ജി ബോബൻ റിപ്പോർട്ട് അവതരിപ്പിച്ചു. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ ചെയർമാൻ ശ്രീ ടി വി സത്യനേശൻ, പട്ടാമ്പി നഗരസഭ വൈസ് ചെയർമാൻ ശ്രീ ടി പി ഷാജി, വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ ശ്രീമതി പി കെ കവിത, ആരോഗ്യകാര്യ സ്ഥിരംസമിതി അധ്യക്ഷ ശ്രീമതി കെ ടി റുഖിയ, വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ ശ്രീമതി ആനന്ദവല്ലി, ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ ശ്രീ രാജൻ മാസ്റ്റർ, മരാമത്ത് കാര്യ സ്ഥിരം സമിതി അധ്യക്ഷൻ ശ്രീ പി വിജയകുമാർ, വാർഡ് കൗൺസിലർ ശ്രീമതി മുനീറ എന്നിവർ പരിപാടിയിൽ പങ്കെടുത്തു കൊണ്ട് ആശംസകൾ അറിയിച്ചു. പട്ടാമ്പി നഗരസഭ ചെയർപേഴ്സൺ ശ്രീമതി ഒ. ലക്ഷ്മിക്കുട്ടി സ്വാഗതവും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രോജക്ട് എൻജിനീയർ ശ്രീ ദിനേശൻ നന്ദിയും പറഞ്ഞു.

# ഞങ്ങളും കൃഷിയിലേക്ക് 'ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കാൻ ലക്ഷ്യമിടുന്ന പദ്ധതി' – കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

കൃ ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കാൻ ലക്ഷ്യമിടുന്ന ഒരു ബൃഹത് പദ്ധതി യാണെന്ന് കൃഷി മന്ത്രി ശ്രീ പി. പ്രസാദ്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷന്റെയും സഹായത്തോടുകൂടി 4.97 കോടി രൂപ ചെലവിൽ കോഴിക്കോട് ജില്ലയിലെ മൂടാടി ഗ്രാമപ്പഞ്ചായത്തിലെ കോവില കത്തും പടി ക്ഷേത്രത്തിനു സമീപമുള്ള കടുക്കുഴി ചിറയുടെ നവീകരണ പ്രവർത്തി ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.



നവീകരണ പ്രവർത്തി പൂർത്തിയാകുന്നതോടുകൂടി ചിറയുടെ ജലസംഭരണശേഷി വർധിക്കുന്നതോടൊപ്പം സമീപപ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ ജലം എത്തിച്ചു കാർഷികോൽപാദനം കൂട്ടുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ഈ പദ്ധതിയുടെ പൂർത്തീകരണം കേരളത്തിലെ വിനോദസഞ്ചാര മേഖലക്കും ഉണർവേകുന്നതാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

ജലക്ഷാമം പരിഹരിക്കപ്പെടുന്നതോടുകൂടി മൂടാടി ഗ്രാമപഞ്ചായത്തിന് പച്ചക്കറികൃഷിയിൽ കൂടുതൽ മുന്നേറാൻ സാധിക്കും. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി പ്രകാരം എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്തിക്കൊണ്ട് എല്ലാം കുടുംബാംഗങ്ങളും കൃഷിയിലേക്ക് ഇറങ്ങേണ്ടതാണ്. മൂടാടി പഞ്ചായത്തിൽ പച്ചക്കറി കൃഷി ഈ പദ്ധതിയിൻ കീഴിൽ വരുന്നതോടുകൂടി പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത എന്ന നമ്മുടെ ലക്ഷ്യം കൈവരിക്കുന്നതിൽ നമുക്ക് ഏറെ മുന്നോട്ടു പോകാൻ സാധിക്കും. കീടനാശിനിയും അമിതമായ രാസവള പ്രയോഗവും ഇല്ലാതെ നല്ല രീതിയിൽ ശുദ്ധമായ പച്ചക്കറി നാമോരോരുത്തരും ഉൽപ്പാദിപ്പിക്കാൻ ഈ പദ്ധതി പ്രകാരം സാധിക്കണം . നല്ല ഭക്ഷണം കഴിക്കുന്നതിലൂടെ ഒരു പരിധി വരെ ജീവിതശൈലി രോഗങ്ങൾ നമുക്ക് അകറ്റി നിർത്താൻ സാധിക്കുമെന്നും കൃഷിമന്ത്രി ശ്രീ പി. പ്രസാദ് അഭിപ്രായപ്പെട്ടു.

ചടങ്ങിൽ കൊയിലാണ്ടി എംഎൽഎ ശ്രീമതി കാനത്തിൽ ജമീല അധ്യക്ഷത വഹിച്ചു കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ചീഫ് എൻജിനീയർ ശ്രീ എ.ജി ബോബൻ റിപ്പോർട്ട് അവതരിപ്പിച്ചു. മുൻ എംഎൽഎയും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ ചെയർമാനുമായ ശ്രീ കെ ദാസൻ, കോഴിക്കോട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ എം പി ശിവാനന്ദൻ, പന്തലായനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ പി ബാബുരാജ്, മൂടാടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഷീജ പട്ടേരി, പന്തലായനി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ചൈത്ര വിജയൻ, മൂടാടി ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ശ്രീ എം കെ മോഹനൻ, ശ്രീമതി അഖില, ശ്രീമതി ലതികാ പുതുക്കുടി, ശ്രീമതി സുനിതാ കക്കുഴിയിൽ, ശ്രീ ഗംഗാധരൻ നായർ, തുതല പഞ്ചായത്ത് പ്രതിനിധികൾ, കർഷകർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. മൂടാടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ സി കെ ശ്രീകുമാർ ചടങ്ങിൽ സ്വാഗതവും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രോജക്ട് ഡയറക്ടർ ശ്രീ ടി.ദിനേശൻ നന്ദിയും പറഞ്ഞു



# കിസാൻ റെയിൽ കേരളത്തിൽ യാഥാർഥ്യമാക്കും മന്ത്രി ജെ. ചിഞ്ചു റാണി



കേരളത്തിലെ ക്ഷീര കർഷകർക്ക് ആശ്വാസം ആകുന്ന രീതിയിൽ കാലിത്തീറ്റ ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് വേണ്ടി റെയിൽവേയുമായി സഹകരിച്ചുകൊണ്ട് കിസാൻ റെയിൽ പദ്ധതി കേരളത്തിൽ യാഥാർഥ്യമാക്കുമെന്ന് മന്ത്രി ശ്രീമതി. ജെ. ചിഞ്ചു റാണി.

ക്ഷീര വികസന വകുപ്പിന്റെയും ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങളുടെയും സംയുക്ത ആഭിമുഖ്യത്തിൽ ത്രിതലപഞ്ചായത്ത്, മിൽമ, കേരളാഫീഡ്സ്, ജില്ലയിലെ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ തിരൂർ വാഗൺ ട്രാജഡി മെമോറിയൽ മുനിസിപ്പൽ ഹാളിൽവെച്ച് ക്ഷീരകർഷക സംഗമത്തിന്റെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

കുറഞ്ഞ ചെലവിൽ കാലിത്തീറ്റയും കാലിത്തീറ്റ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളും മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കുറഞ്ഞ ചെലവിൽ കേരളത്തിലേക്ക് എത്തിക്കുവാൻ കിസാൻ റെയിൽ വഴി സാധിക്കും. ക്ഷീരകർഷകർക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനും പാൽ ഉൽപാദനം വർധിപ്പിക്കുന്നതിനും പദ്ധതി സഹായകമാകും. മന്ത്രി പറഞ്ഞു.

കന്നു കാലികൾക്കും മറ്റു വളർത്തു മൃഗങ്ങൾക്കും പെട്ടന്ന് ഉണ്ടാകുന്ന അസുഖങ്ങൾക്കും കുത്തിവയ്പ്പിനും മറ്റു അത്യാഹിത സന്ദർഭങ്ങളിലും മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റിന്റെ സേവനം എല്ലാ ജില്ലകളിലും നടപ്പാക്കും.

24 മണിക്കൂറും സേവന സജ്ജമായ ടെലി വെറ്റിനറി യൂണിറ്റ് ക്ഷീര കർഷകരുടെ വീട്ടുമുറ്റത്ത് അത്യാവശ്യഘട്ടങ്ങളിൽ എത്തിക്കുകയാണ് ഉദ്ദേശ്യം. കോവിഡ് പ്രതിസന്ധിയിലും തളരാതെ കേരളത്തിലെ ക്ഷീര കർഷകർ മികച്ച പ്രവർത്തനമാണ് കാഴ്ചവെച്ചത്. പാലുത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള വഴിയിലാണ് സംസ്ഥാനമെന്നും മന്ത്രി ചടങ്ങിൽ പറഞ്ഞു. ക്ഷീരമേഖലയുടെ വികസനത്തിനായി വകുപ്പും സ്ഥാപനങ്ങളും ഊർജസ്വലമായ പ്രവർത്തനമാണ് നടത്തുന്നത്.മുഴവൻ സമയ ഡോക്ടർ സേവനം ലഭ്യമാകുന്ന വെറ്റിനറി ആരോഗ്യ കേന്ദ്രങ്ങൾ ബ്ലോക്ക് തലത്തിൽ നടപ്പാക്കി. ഏത് സ്ഥലത്തും എത്താൻ സാധിക്കുന്ന എല്ലാവിധ ചികിത്സ സൗകര്യങ്ങളോടും കൂടിയ ടെലി വെറ്റിനറി വാഹന സൗകര്യ പദ്ധതിയും യാഥാർഥ്യമാക്കും.

ക്ഷീര സംഗമത്തോടനുബന്ധിച്ച് കന്നുകാലി പ്രദർശനം ഡയറി എക്സ്പോ, സഹകരണ ശില്പശാല, ക്ഷീര കർഷക സെമിനാർ, ഡയറി ക്വിസ്, ക്ഷീര സംഘം ജീവനക്കാർക്കും ഭാരവാഹികൾക്കും ഉള്ള മത്സര പരിപാടികൾ മെഡിക്കൽ ക്യാമ്പ്, ഗവ്യ ജാലകം, പ്രശ്നോത്തരി, ക്ഷീര കർഷക ക്ഷേമനിധി അദാലത്ത്, കലാസന്ധ്യ ക്ഷീരകർഷകരെ ആദരിക്കൽ എന്നിവ സംഘടിപ്പിച്ചു.

ക്ഷീര വികസന വകുപ്പ് ഡയറക്ടർ ശ്രീ. വി.പി സുരേഷ് കുമാർ പദ്ധതി വിശദീകരണം നടത്തി.

ചടങ്ങിൽ തുമരക്കാവ് ക്ഷീര സംഘം പ്രസിഡണ്ടും ജില്ലാ ക്ഷീര കർഷക സംഗമം ചെയർമാനുമായ ശ്രീ. കെ.പി. മുസ്തഫ സ്വാഗതം പറഞ്ഞു. കെ.സി.എം.എം. എഫ്. ചെയർമാൻ ശ്രീ. കെ.എസ്. മണി, ജില്ല പഞ്ചായത്ത് മെമ്പർമാരായ ശ്രീമതി. നബീസ അസീസ് മയ്യേരി, ശ്രീ. ഫൈസൽ എടശ്ശേരി, ശ്രീ. അഫ്സൽ ഇ, തിരൂർ ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. പി. കുമാരൻ, കൗൺസിലർമാരായ ശ്രീ. വി. നന്ദൻ മാസ്റ്റർ, ശ്രീമതി. നിർമല കുട്ടികൃഷ്ണൻ , മിൽമ ഡയറക്ടർ (എം.ആർ.സി.എം.പി.യു) ശ്രീ. ടി.പി. ഉസ്മാൻ, മറ്റു തൂതല പഞ്ചായത്ത് ജനപ്രതിനിധികൾ, ക്ഷീരസംഘം പ്രതിനിധികൾ ക്ഷീരകർഷകർ, സാമൂഹ്യപ്രവർത്തകർ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. മലപ്പുറം ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. ഷീല ഖമർ നന്ദി പറഞ്ഞു.

# വിജ്ഞാന വ്യാപന ശാക്തീകരണ പദ്ധതി– ഉദ്ഘാടനവും അവാർഡ് ദാനവും മന്ത്രി ശ്രീ അഹമ്മദ് ദേവർകോവിൽ നിർവഹിച്ചു



കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2021-2022 വർഷത്തെ വിജ്ഞാന വ്യാപന ശാക്തീകരണ പദ്ധതി ഉദ്ഘാടനവും ജില്ലാതല പച്ചക്കറി കൃഷി, ജൈവ കൃഷി വിജ്ഞാന വ്യാപന അവാർഡ് ദാനവും കോഴിക്കോട് നളന്ദ ആഡിറ്റോറിയത്തിൽ വച്ച് കോഴിക്കോട് കോർപ്പറേഷൻ വാർഡ് കൗൺസിലർ ശ്രീ. എസ്. കെ അബൂബക്കറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തുറമുഖ മ്യൂസിയം പുരാവസ്തു വകുപ്പ് മന്ത്രി ശ്രീ അഹമ്മദ് ദേവർകോവിൽ നിർവഹിച്ചു. ചടങ്ങിൽ ജില്ലാ അസിസ്റ്റന്റ് കലക്ടർ ശ്രീ എൻ തേജ് ലോഹിത് റെഡ്ഡി ഐ.എ.എസ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ എൻ പി ശിവാനന്ദൻ മറ്റ് ജില്ലാ പഞ്ചായത്ത് കൗൺസിലർമാർ, കൃഷി ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. ജില്ലാ കൃഷി ഓഫീസർ ശ്രീ ശശി പൊന്നണ സ്വാഗതവും കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി പുഷ്പ എ നന്ദിയും പറഞ്ഞു

# എല്ലാ ജില്ലകളിലും ടെലിവെറ്റിനറി യൂണിറ്റുകൾ സ്ഥാപിക്കും : മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി



കേരളത്തിലെ എല്ലാ ജില്ലകളിലും ടെലിവെറ്റിനറി യൂണിറ്റുകളും ബ്ലോക്കുകളിൽ ആധുനിക സൗകര്യത്തോട് കൂടിയ വെറ്റിനറി ആംബുലൻസ് സംവിധാനവും ഒരുക്കുമെന്ന് ക്ഷീര വികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി. മാനന്തവാടിയിൽ ജില്ലാ ക്ഷീരസംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. ചടങ്ങിൽ ശ്രീ ഒ.ആർ കേളു എം.എൽ.എ അധ്യക്ഷത വഹിച്ചു. ക്ഷീര വികസന വകുപ്പ് ഡയറക്ടർ ശ്രീ. സുരേഷ്കുമാർ വി.പി ആമുഖ പ്രഭാഷണം നടത്തി. കർഷകർക്ക് വിനോദത്തിനും വിജ്ഞാനത്തിനുമായി സംഘടിപ്പിക്കുന്ന ക്ഷീര സംഗമത്തിൽ ക്ഷീരമേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച തദ്ദേശസ്ഥാപനം, ക്ഷീരസംഘം, മികച്ചകർഷകൻ, 15 വർഷം പൂർത്തീകരിച്ച സംഘം പ്രസിഡന്റുമാർ എന്നിവരെ ചടങ്ങിൽ ആദരിച്ചു. ചടങ്ങിൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ ജസ്റ്റിൻ ബേബി, വൈസ് പ്രസിഡണ്ട് ശ്രീമതി എ.കെ. ജയഭാരതി, മാനന്തവാടി നഗരസഭാ ചെയർപേഴ്സൺ ശ്രീമതി സി.കെ. രത്നവല്ലി, വൈസ് ചെയർമാൻ ശ്രീ പി.വി.എസ് മൂസ, നഗരസഭാ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ. സിന്ധു സെബാസ്റ്റ്യൻ, എടവക ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ എച്ച്. ബി. പ്രദീപ്, കൗൺസിലർ ശ്രീമതി വി.കെ സുലോചന, മിൽമ ചെയർമാൻ ശ്രീ കെ.എസ്. മണി, ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ഉഷാദേവി തുടങ്ങിയവർ പങ്കെടുത്തു. ക്ഷീരവികസനവകുപ്പും ജില്ലയിലെ ക്ഷീര സഹകരണ സംഘങ്ങളും സംയുക്തമായി നടത്തിയ സംഗമത്തിന് മാനന്തവാടി ക്ഷീരോല്പാദക സഹകരണ സംഘമാണ് ആതിഥേയം വഹിച്ചത്. ക്ഷീരസംഗമത്തിന്റെ ഭാഗമായി സെമിനാറുകൾ, ശില്പശാലകൾ, കലാമത്സരങ്ങൾ, പ്രദർശനവിപണനമേള തുടങ്ങിയവയും സംഘടിപ്പിച്ചിരുന്നു.

# കൃഷിവകുപ്പിന്റെ "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതി ജനകീയ കാമ്പയിനായി ഏറ്റെടുക്കണം കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്

നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിൽ RKVY പദ്ധതികളിലുൾപ്പെടുത്തി പൂർത്തീകരിച്ച ആധുനിക സംവിധാനങ്ങളോടെയുള്ള ഗോശാല, സംരക്ഷിത കാർഷിക വിപണന പ്രദർശനശാല, സംയോജിത കൃഷിക്കുവേണ്ടി നവീകരിച്ച കുളം, ജില്ലാ കൃഷി ഓഫീസിലെ e-office സംവിധാനം എന്നിവയുടെ ഔപചാരിക ഉദ്ഘാടനം കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് നിർവ്വഹിച്ചു. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി ഒരു ജനകീയ കാമ്പയിനായി സമൂഹം ഏറ്റെടുക്കണമെന്ന് മന്ത്രി ആഹ്വാനം ചെയ്തു.

കിടപ്പു രോഗികളും, കൈ കുഞ്ഞുങ്ങളും ഒഴികെയുള്ള എല്ലാവരും ഇതിൽ പങ്കാളികളാകണം. വിഷരഹിത ഭക്ഷണം ഓരോരുത്തരും ഉറപ്പുവരുത്തണം. കാലാവസ്ഥ വ്യതിയാനത്തിന്റെയും, അനിയന്ത്രിതമായ കീടനാശിനി പ്രയോഗത്തിന്റെയും കാരണത്താൽ ചില കീടങ്ങൾക്ക് കീടനാശിനികളെ പ്രതിരോധിക്കാനുള്ള ശേഷി കൂടുതലായി ചിലയിടങ്ങളിൽ കണ്ടു വരുന്നുണ്ട്. ജൈവ പച്ചക്കറികൾ എന്ന പേരിൽ ലഭിക്കുന്നവ പലതിലും കീടനാശിനിയുടെ സാന്നിദ്ധ്യം കാണുന്നു. ഇത് പല മാരക രോഗത്തിനും കാരണമാകുന്നു. അതിനാൽ അവനവന് ആവശ്യമായ ശുദ്ധമായ ഭക്ഷണം നമ്മൾ തന്നെ ഉല്പാദിപ്പിക്കാനുള്ള ശ്രമമുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

ആർ.കെ.ഐ പദ്ധതിയിലുൾപ്പെടുത്തി ഫാമിന്റെ സമഗ്ര വികസനത്തിനായി 10 കോടി രൂപയുടെ വികസന പദ്ധതികളാണ് കെ.എൽ.ഡി.സി. ഏറ്റെടുത്തു നടപ്പിലാക്കി വരുന്നത്. സംയോജിത കൃഷിരീതിയിൽ മത്സ്യകുളങ്ങൾ, പച്ചക്കറി കൃഷിക്കായുള്ള പോളി ഹൗസുകൾ, മിസ്റ്റ് ചേമ്പർ, കർഷക പരിശീലന കേന്ദ്രം, ഗസ്റ്റ് ഹൗസ്, ചെക്ക് ഡാം, ചെറുകിട സംസ്കരണ യൂണിറ്റ് എന്നിവയാണ് ഈ പദ്ധതിയിലുള്ളത്.

ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തി 3.75 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കൃഷി വകുപ്പിന്റെ എഞ്ചിനിയറിംഗ് വിഭാഗം ഇവിടെ പൂർത്തികരിച്ചിട്ടുള്ളത്. 16 പശുക്കളെ ഒരേ സമയം പരിപാലിക്കാൻ സൗകര്യമുള്ള ഗോശാല, ഫാമിലെ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ജലസംഭരണി, പമ്പ് ഹൗസ്, മണിക്കൂറിൽ ആയിരത്തഞ്ഞൂറ് തേങ്ങ പൊതിക്കുന്ന യന്ത്രം, ചകിരിയിൽ നിന്നും നാര് വേർതിരിക്കുന്ന യന്ത്രം, മിനി എസ്കവേറ്റർ, കാർഷികോപകരണങ്ങൾ മുതലായവയാണ് പൂർത്തിയാക്കിയിട്ടുള്ളത്.



ജില്ലാ കൃഷി ഓഫീസ് ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറുന്നതിലൂടെ പൊതുജനങ്ങൾക്ക് ജില്ലാ ഓഫീസിൽ നൽകിയ അപേക്ഷയുടെ തൽസ്ഥിതി ഏതു കോണിൽ നിന്നും നിമിഷങ്ങൾക്കുള്ളിൽ അറിയാൻ സാധിക്കുകയും അപേക്ഷകളിൻ മേൽ രേഖകൾ ഡിജിറ്റലായി സൂക്ഷിക്കുന്നതിനാൽ എത്രകാലപഴക്കമുള്ള രേഖകളും വീണ്ടെടുക്കാം, ഓഫീസിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് സുതാര്യത കൈവരുത്തുന്നതിന് ഇ- ഓഫീസ് സഹായകരമാകുന്നു.

എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉയർന്ന മാർക്ക് വാങ്ങി വിജയിച്ച ഫാമിലെ തൊഴിലാളികളുടെ മക്കളെയും, ഫാം ഡേ വിജയികളെയും മന്ത്രി അനുമോദിച്ചു.

ജില്ലാ പഞ്ചായത്ത് എഴര കോടി രൂപയാണ് ഈ സാമ്പത്തിക വർഷം ജില്ലയിലെ 4 ഫാമുകൾക്കായി നീക്കി വച്ചിട്ടുള്ളതെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഉല്ലാസ് തോമസ് പറഞ്ഞു. ഫാം ടൂറിസം പരമാവധി പ്രയോജനപ്പെടുത്തുന്ന വിധത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഫാമുകളുടെ വികസനത്തിന് ജില്ലാ പഞ്ചായത്തിന്റെ പൂർണ്ണ പിന്തുണ അദ്ദേഹം വാഗ്ദാനം ചെയ്തു.

കോതമംഗലം എം.എൽ.എ ശ്രീ. ആന്റണി ജോൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. റാണികുട്ടി ജോർജ്ജ് സ്വാഗതം പറഞ്ഞു.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീമതി. ഷൈനി ജോർജ്ജ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ഇ.എം ബബിത, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ശ്രീ. ജോർജ് സെബാസ്റ്റ്യൻ, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.എ.എം ബഷീർ, കവളങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഷൈജന്റ് ചാക്കോ, ജില്ലാ പഞ്ചായത്ത് മെമ്പർമാരായ ശ്രീ. കെ.വി രവീന്ദ്രൻ, ശ്രീമതി. സനിതാ റഹിം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. ജിംസിയ ബിജു, കെ.എൽ ഡി.സി മാനേജിംഗ് ഡയറക്ടർ ശ്രീ. പി.എസ് രാജീവ്, കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. തോമസ് സാമുവൽ അസി.എക്സി.എഞ്ചിനീയർ ശ്രീ. കെ സുരേഷ് കുമാർ, ഫാം സൂപ്രണ്ട് ശ്രീമതി. സൂസൻ ലീ തോമസ്, കൃഷി ഓഫീസർ മാരായ ശ്രീമതി. ജാസ്മിൻ, ശ്രീമതി. ശില്പ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾഎന്നിവർ പങ്കെടുത്തു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh